ഉത്തരം

(എ, ബി) എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപ് വളരെയധികം പരിശോധനകളും നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനാൽ അദാലത്ത് സംഘടിപ്പിച്ച് ഡ്യൂപ്ലിക്കേറ്റ് ബുക്ക് വിതരണം ചെയ്യുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

എസ്. എസ്. എൽ. സി. പരീക്ഷയിൽ തമിഴ് വിദ്യാർത്ഥികളുടെ വിജയം

90 [5750] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ തമിഴ് വിദ്യാർത്ഥികൾ എത്ര പേർ എഴുതിയിട്ടുണ്ടായിരുന്നു; അതിൽ എത്ര പേർ പാസ്സായി;

(ബി) സംസ്ഥാനത്ത് തമിഴ് മീഡിയം വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥി ആരായിരുന്നു; ഏത് സ്കൂളിലാണ് പഠിച്ചത്;

(സി) കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ തമിഴ് വിഷയത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയത് ആരാണ്; ഏത് സ്കൂളിലെ വിദ്യാർത്ഥി ആയിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷ 2962 തമിഴ് വിദ്യാർത്ഥികൾ എഴുതി. അതിൽ 1488 പേർ വിജയിച്ചു.

(ബി) ലക്ഷ്മി, വി. എസ്. തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഗവൺമെന്റ് സെൻട്രൽ ഹൈസ്ക്കൂളിൽ പഠിച്ചു.

(സി) സെന്റ് പോൾസ് ഹൈസ്ക്കൂൾ കൊഴിഞ്ഞാംപാറയിൽ പഠിച്ച രാംകുമാർ, എം.

ഒന്നാം ക്ലാസ്സിലെ ഡിറ്റെൻഷൻ സമ്പ്രദായം

91 [5751] ശ്രീമതി മേഴ്സി രവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എ. സുജനപാൽ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES, Kerala Legislative Assembly